**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4057** **09-08-2021 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ മലയോര ഹൈവേ എത്ര റീച്ചുകളായാണ് പണികഴിപ്പിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ഇടുക്കി ജില്ലയിൽ മലയോര ഹൈവേ 5 റീച്ചുകൾ ആയാണ് പണി കഴിപ്പിക്കുന്നത്. |
| (ബി) | ഓരോ റീച്ചും എവിടെ മുതൽ എവിടെ വരെയാണ്; ഓരോന്നും സംബന്ധിച്ച് വിശദാംശം നൽകാമോ; | (ബി) | ആദ്യത്തെ റീച്ച് - പീരുമേട് ദേവികുളം റോഡ് (കുട്ടിക്കാനം മുതൽ ചപ്പാത്ത്) ചെയിനേജ് 0/000 to 19/000). രണ്ടാമത്തെ റീച്ച് - പീരുമേട് ദേവികുളം റോഡ് പുളിയന്മല മുതൽ ചപ്പാത്ത് ചെയിനേജ് 19/000 to 40/050, തൊടുപുഴ പുളിയന്മല റോഡ് ചെയിനേജ് 85/500 to 92/167. മൂന്നാമത്തെ റീച്ച് - മൂന്നാർ കുമളി റോഡ് (മൈലാട്ടുംപാറ പുളിയന്മല). നാലാമത്തെ റീച്ച് - ഇരുട്ടുകാനം ആനച്ചാൽ ഏലക്കൽ രാജാക്കാട് മൈലാട്ടുംപാറ. അഞ്ചാമത്തെ റീച്ച് - കല്ലാർ പെരുമ്പൻകുത്ത് മാങ്കുളം. |
| (സി) | മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കാമോ; | (സി) | 1. പീരുമേട് ദേവികുളം റോഡ് (കുട്ടിക്കാനം മുതൽ ചപ്പാത്ത് ചെയിനേജ് 0/000 to 19/000)- ഫോർമേഷൻ പ്രവൃത്തി 25% പൂർത്തീകരിച്ചിട്ടുണ്ട്. 2. പീരുമേട് - ദേവികുളം പുളിയന്മല മുതൽ ചപ്പാത്ത് ചെയിനേജ് 19/000 to 40/050, തൊടുപുഴ പുളിയന്മല റോഡ് ചെയിനേജ് 85/500 to 92/167- 84.53 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 3. മൂന്നാർ കുമളി റോഡ് (മൈലാട്ടുംപാറ പുളിയന്മല)റീച്ചിന്റെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. ബി.എം & ബി.സി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി റോഡ് ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിൽ ആണ്. കുഞ്ചുകൽ മുതൽ മൈലാട്ടുംപാറ വരെ ശബരിമല പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബി.എം & ബി.സി പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. 4. ഇരുട്ടുകാനം ആനച്ചാൽ ഏലക്കൽ രാജാക്കാട് - മൈലാട്ടുംപാറ റീച്ച് ഇരുട്ടുകാനം മുതൽ എലക്കൽ വരെയുള്ള 10.5 km ദൂരം BM & BC പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിൽ ഉള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | ഏലക്കൽ പാലം മുതൽ വലിയ മുല്ലക്കാനം വരെയുള്ള പാതയുടെ ഡി.പി.ആർ PPU വിൽ തയ്യാറാക്കി വരുന്നു. വലിയ മുല്ലക്കാനം മുതൽ കുഞ്ചുങ്കൽ വരെയുള്ള 6.05 km റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നതും കുഞ്ചുങ്കൽ മുതൽ മൈലാട്ടുംപാറ വരെ ശബരിമല പ്രവൃത്തിയിൽ ഉൾപ്പെടുത്തി BM & BC പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. 5. കല്ലാർ പെരുമ്പൻകുത്ത് മാങ്കുളം റീച്ചിൽ കുറത്തിക്കുടി മുതൽ പെരുമ്പൻ കുത്ത് വരെ 8 km നീളത്തിൽ വനഭൂമി വിട്ടുകിട്ടാനുണ്ട്. 10 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനായി വനം വകുപ്പിന് ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. 12 മീറ്റർ വീതിയിൽ ഭൂമി ലഭ്യമാകാത്ത സ്ഥലങ്ങളിൽ BM & BC നിലവാരത്തിൽ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. |
| (ഡി) | പുളിയൻമല-മയിലാട്ടുംപാറ, മയിലാട്ടുംപാറ-എല്ലക്കൽ പാലം എന്നീ റീച്ചുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ഡി) | മൂന്നാർ കുമളി റോഡ് (മൈലാട്ടുംപാറ പുളിയന്മല) പ്രസ്തുത റീച്ചിന്റെ ഡി.പി.ആർ തയ്യാറാക്കി KIIFB – യിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത റോഡ് ഡിഫക്റ്റ് ലയബിലിറ്റി പീരിയഡിൽ ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. മയിലാട്ടുംപാറ എലക്കൽ പാലം എന്ന റീച്ചിൽ ഉൾപെടുന്ന ഏലക്കൽ പാലം മുതൽ വലിയ മുല്ലക്കാനം വരെയുള്ള പാതയുടെ ഡി.പി.ആർ PPU -വിൽ തയ്യാറാക്കി വരുന്നു. വലിയ മുല്ലക്കാനം മുതൽ കുഞ്ചുങ്കൽ വരെയുള്ള 6.05 km റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ നടത്തി വരുന്നതായും കുഞ്ചുങ്കൽ മുതൽ മൈലാട്ടുംപാറ വരെ ശബരിമല പ്രവൃത്തിയിൽ ഉൾപ്പെടുത്തി ബി.എം & ബി.സി പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്. |
| (ഇ) | മേല്പറഞ്ഞ രണ്ട് റീച്ചുകൾക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകാമോ? | (ഇ) | മേൽ പറഞ്ഞ 2 റീച്ചുകൾക്കും സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ